# ഖിലാഫത്ത് പ്രക്ഷോഭം

**മൗലാനാ മൗദൂദി**

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം പുണ്യസ്ഥലങ്ങളുടെയും ഇസ്‌ലാമിക ഖിലാഫത്തിന്റെയും സംരക്ഷണത്തിനുവേണ്ടി എന്തു ത്യാഗം സഹിച്ചും പോരാടാൻ മുസ്‌ലിംകൾ സന്നദ്ധരായി. നല്ലതോ ചീത്തയോ എന്തുമാവട്ടെ, അവശേഷിക്കുന്ന ഖിലാഫത്തിനെ രക്ഷിക്കുകയും പുണ്യസ്ഥലങ്ങൾ ശത്രുക്കളിൽനിന്ന് വീണ്ടെടുക്കുകയുമായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അക്കാലത്ത് വെറും 16–17 വയസ്സുള്ള ഒരു ചെറുപ്പക്കാരനായിരുന്നു ഞാൻ. സ്വാഭാവികമായും എനിക്ക് എന്റെ നേതാക്കളിൽ വിശ്വാസമുണ്ടായിരുന്നു; അതുണ്ടാവുകയും വേണം. ലോകത്ത് മുസ്‌ലിംകളുടേതായി അവശേഷിച്ച ഏക സാമ്രാജ്യം-തുർക്കീ സാമ്രാജ്യം-കൂടി നിലംപതിച്ചുകൊണ്ടിരിക്കുന്നതിൽ മറ്റെല്ലാ മുസ്‌ലിംകളെയും പോലെ എനിക്കും മനോവേദനയുണ്ടായി. അതിനാൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ എളിയ പ്രവർത്തകനായി ഞാനും അതിൽ പങ്കുചേർന്നു. എന്നാൽ, എന്നെ അഭിമുഖീകരിക്കുകയോ എനിക്ക് താൽപര്യം ജനിക്കുകയോ ചെയ്ത ഏതു പ്രശ്നവും പൂർണമായി ഗ്രഹിക്കത്തക്കവിധം പരമാവധി വിവരങ്ങൾ ശേഖരിക്കുക എന്നത് തുടക്കം മുതലേ എന്റെ സ്വഭാവമായിട്ടുണ്ട്. അതിനാൽ ഖിലാഫത്ത് പ്രശ്നം ഞാൻ പഠിച്ചു. എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞ സംഗതി ഇതായിരുന്നു; തുർക്കീ നേതൃത്വം തുർക്കീ ദേശീയതയിൽ അധിഷ്ഠിതമാണ്. അഭ്യസ്ഥവിദ്യരായ തുർക്കീ യുവജനങ്ങൾ സ്വീകരിച്ച പാശ്ചാത്യ മതേതരത്വവും ആ ദേശീയതയുടെ സ്വഭാവമാണ്. അതേസമയം ഇസ്‌ലാമിന്റെ ശത്രുക്കൾ തുർക്കീ ദേശീയതക്കെതിരെ അറബ് ദേശീയത കുത്തിപ്പൊക്കി. തൽഫലമായി ഒന്നാം ലോകമഹായുദ്ധത്തിൽ ഒന്നിച്ചുനിൽക്കേണ്ട് തുർക്കികളും അറബികളും ശത്രുക്കളായി മാറി. തങ്ങളുടെ സാമ്രാജ്യം ഖിലാഫത്തിന്റെ ഭാരം വഹിക്കവെ അതിനെ മതേതരത്വപാതയിലൂടെ നയിക്കാൻ ശ്രമിച്ച തുർക്കി നേതാക്കൾ മൂഢന്മാരായിരുന്നു. മറുവശത്ത് ജൂത-ക്രൈസ്തവ വഞ്ചനയിലകപ്പെട്ട് തുർക്കീ ദേശീയതക്കെതിരെ അറബ് ദേശീയത സ്വീകരിക്കുകയും യുദ്ധത്തിൽ ഇംഗ്ലീഷുകാരോടൊപ്പം ചേർന്ന് നമ്മുടെ പുണ്യഗേഹങ്ങൾ ഉൾപ്പെടെയുള്ള അറബ് രാജ്യങ്ങളുടെ മേൽ അവരുടെ ആധിപത്യം സ്ഥാപിക്കാൻ പിന്തുണ നൽകുകയും ചെയ്ത അറബ് നേതാക്കളും മഹാവിഡ്ഢികൾ തന്നെ. ഈ ചിത്രമത്രയും കൺമുമ്പിൽ വന്നപ്പോൾ ഏതൊരു ഖിലാഫത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഇന്ത്യൻ മുസ്‌ലിംകൾ സർവസ്വം അർപ്പിച്ചുവോ, ആ ഖിലാഫത്തിന് വേരുകളില്ലെന്ന ദുഃഖസത്യം ഞാൻ മനസ്സിലാക്കി. മതേതരവക്താക്കളായ തുർക്കികൾ സ്വന്തം കൈയാൽ ഇസ്‌ലാമിക ഖിലാഫത്തിന് അന്ത്യം കുറിക്കുകയാണെങ്കിൽ നാമെന്ത് ചെയ്യും? പക്ഷേ, ഞാൻ വെറുമൊരു ചെറുപ്പക്കാരനായിരുന്നു. ദുഃഖം എന്റെ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്നെങ്കിലും സമുദായത്തിലെ വലിയ നേതാക്കൾ പ്രശ്നത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ലെന്നും ഞാനാണത് മനസ്സിലാക്കുന്നതെന്നും കരുതാൻ മാത്രം നിശ്ചയദാർഢ്യം എനിക്കില്ലായിരുന്നു. അതിനാൽ നൊമ്പരപ്പെടുന്ന ഹൃദയവുമായി ഞാൻ ഖിലാഫത്ത് പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു.

1924-ൽ എന്റെ ആശങ്കകൾ പൊടുന്നനെ യാഥാർഥ്യമായി പരിണമിച്ചു. സമുദായനേതൃത്വത്തിൽ എനിക്കുണ്ടായിരുന്ന വിശ്വാസത്തിന് അതോടെ ഉലച്ചിൽ തട്ടുകയും ചെയ്തു. ഏതൊരു ഖിലാഫത്തിന്റെ സംരക്ഷണത്തിനായി ഇന്ത്യൻ മുസ്‌ലിംകൾ ഒറ്റക്കെട്ടായി അണിനിരന്നോ അതിന്റെ കഥ കഴിച്ചതായി തുർക്കികൾ പ്രഖ്യാപിച്ചു.... ഇന്ത്യൻ മുസ്‌ലിംകൾക്ക് സ്തബ്ധരായി അത് നോക്കിനിൽക്കേണ്ടിവന്നു. മുസ്‌ലിം ജനതയുടെ നട്ടെല്ല് പെട്ടെന്നു പൊട്ടിപ്പോയി എന്നതായിരുന്നു ഇതിന്റെ സ്വാഭാവിക ഫലം (*ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രം- പ്രബോധനം* വാരിക 1970 നവംബർ 21).